REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 13-11-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- വയനാട്ടിലും ചേലക്കരയിലും ഉപതിരഞ്ഞെടുപ്പ് വിധിയെഴുത്തിലേക്ക് മിനിട്ടുകൾ മാത്രം.
- പ്രധാനമന്ത്രി നരേന്ദ്രമോദി ബിഹാറിലെ ദർഭംഗയിൽ 12,100 കോടിയിൽപ്പരം രൂപയുടെ വികസന പദ്ധതികൾക്ക് ഇന്ന് തുടക്കമിടും.
- സംസ്ഥാന സ്കൂൾ കലോത്സവം തലസ്ഥാനത്തിന്റെ സാംസ്കാരിക സമ്പന്നതക്ക് മാറ്റു കൂട്ടുമെന്ന് മന്ത്രി v.ശിവൻകുട്ടി.
- പാലക്കാട് കല്പാത്തിയിൽ രഥോത്സവത്തിന് ഇന്ന് തുടക്കം.
- ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് സെഞ്ചൂറിയനിൽ.

## വാർത്തകൾ വിശദമായി

**വയനാട്ടിലും ചേലക്കരയിലും വിധിയെഴുത്ത് ഇന്ന്. അല്പസമയത്തിനകം വോട്ടെടുപ്പ് ആരംഭിക്കും. വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. സിറ്റിംഗ് സീറ്റുകൾ നിലനിർത്താനും, മണ്ഡലം പിടിച്ചെടുക്കാനും മൂന്ന് മുന്നണികളും ഒരു മാസത്തിലേറെയായി പ്രചാരണത്തിന്റെ പടയൊരുക്കത്തിലായിരുന്നു. പലയിടത്തും ബൂത്തുകളിൽ ഇപ്പോൾതന്നെ വോട്ടർമാരുടെ നിര രൂപപ്പെട്ടുകഴിഞ്ഞു.**

**ഡെസ്ക്ക് റിപ്പോർട്ട്.**

**.....(വോയ്സ്)....**

വയനാട് ലോക്സഭാ മണ്ഡലത്തിൽ രാഹുൽഗാന്ധി രാജി വെച്ചതോടെയാണ് ഉപതിരഞ്ഞെടുപ്പ് ആവശ്യമായി വന്നത്.

K രാധാകൃഷ്ണൻ ലോക്സഭാംഗമായതിനെ തുടർന്നാണ് ചേലക്കരയിൽ നിയമസഭാ ഉപതിരഞ്ഞെടുപ്പും നടക്കുന്നത്.

ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചെങ്കിലും കല്പാത്തി രഥോത്സവത്തെ തുടർന്ന് പാലക്കാട്ടെ വോട്ടെടുപ്പ് ഈ മാസം 20 ലേക്ക് മാറ്റുകയായിരുന്നു.

ജാർഖണ്ഡിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പും ഇന്നാണ്. 43 മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് .

കേരളത്തിലെ ചേലക്കര കൂടാതെ പതിനൊന്ന് സംസ്ഥാനങ്ങളിലെ 33 നിയമസഭാ മണ്ഡലങ്ങളിലും വോട്ടെടുപ്പ് ഇന്നാണ്.

✪✪✪

വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ഏഴ് നിയമസഭാ മണ്ഡലങ്ങൾ ഉൾപ്പെട്ട വയനാട് ലോക്സഭാ മണ്ഡലത്തിലെ വോട്ടെടുപ്പ് വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.

.....(വോയ്സ്)......

✪✪✪

ചേലക്കര മണ്ഡലവും വിധിയെഴുത്തിന്റെ നിമിഷങ്ങളിലേക്ക് കടക്കുകയാണ്. വോട്ടെടുപ്പിന്റെ ഒരുക്കങ്ങൾ പൂർത്തിയായിക്കഴിഞ്ഞു.

ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതപ്രതാപ്.

.....(വോയ്സ്)....

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ LDF സ്ഥാനാർഥി ഡോ. P. സരിൻ ഇന്ന് മാത്തൂർ പിരായിരി കണ്ണാടി പ്രദേശങ്ങളിൽ പ്രചാരണം നടത്തും. NDA സ്ഥാനാർഥി C.കൃഷ്ണകുമാർ പാലക്കാട് ഈസ്റ്റ്, മാത്തൂർ പഞ്ചായത്തുകളിലാണ് വോട്ട് തേടുന്നത്. UDF സ്ഥാനാർത്ഥി

രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണാർത്ഥം ഇന്നലെ UDF ബുള്ളറ്റ് റൈഡ് സംഘടിപ്പിച്ചിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബിഹാറിലെ ദർഭംഗയിൽ 12,100 കോടിയിൽപ്പരം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. പൂർത്തീകരിച്ച ഏതാനും പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കുന്ന അദ്ദേഹം, പുതിയ പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. 1,260 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ദർഭംഗയിലെ എയിംസ് ആശുപത്രി സമുച്ചയമാണ് തറക്കല്ലിടുന്ന പ്രധാന പദ്ധതികളിലൊന്ന്. 5,070 കോടിയിൽപ്പരം രൂപയുടെ ദേശീയപാത വികസന പദ്ധതികൾക്കും അദ്ദേഹം തറക്കല്ലിടും. റെയിൽവെയുടെ 1,740 കോടി രൂപയുടെ പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കമിടും. റെയിൽവെ സ്റ്റേഷനുകളിലെ 18 പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രങ്ങളും നരേന്ദ്രമോദി നാടിന് സമർപ്പിക്കും.

✪✪✪

കേന്ദ്രമന്ത്രി ഡോ.S ജയശങ്കർ സൗദി അറേബ്യൻ വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സൗദ് രാജകുമാരനുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി സൗദി വിദേശകാര്യ മന്ത്രി ഇന്നലെയാണ് ഡൽഹിയിലെത്തിയത്.

✪✪✪

2024 ലോകത്തിലെ ഏറ്റവും ചൂടേറിയ വർഷമാണെന്ന് UN ലോക കാലാവസ്ഥാ സംഘടന WMO റിപ്പോർട്ട് ചെയ്തു. ജനുവരി മുതൽ സെപ്തംബർ വരെ ആഗോള ശരാശരി താപനില പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തേക്കാൾ 1.54 സെൽഷ്യസ് കൂടുതലായിരുന്നു. ആഗോള താപനം 1.5 ഡിഗ്രി സെൽഷിയസിൽ അധികരിക്കാതെ പരിമിതപ്പെടുത്തുക എന്ന പൊതുലക്ഷ്യത്തിനായി അസർബൈജാൻ തലസ്ഥാനമായ ബാക്കുവിൽ കാലാവസ്ഥാ വ്യതിയാന ഉച്ചകോടി ചേരുകയാണ് .

✪✪✪

ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്ത് നടത്തുന്ന സംസ്ഥാന സ്കൂൾ കലോത്സവം തലസ്ഥാനത്തിന്റെ സാംസ്കാരിക സമ്പന്നതക്ക് മാറ്റു കൂട്ടുമെന്ന് മന്ത്രി V.ശിവൻകുട്ടി പറഞ്ഞു. തിരുവനന്തപുരം

ശിക്ഷക് സദനിൽ ചേർന്ന സംസ്ഥാന സ്കൂൾ കലോത്സവ സ്വാഗതസംഘ രൂപീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഈ വർഷത്തെ കലോത്സവത്തിൽ തദ്ദേശീയ കലാരൂപങ്ങളായ മംഗലം കളി, മലപുലയാട്ടം, ഇരുള നൃത്തം, പളിയ നൃത്തം, പണിയ നൃത്തം എന്നിവ പുതിയ മത്സരയിനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

2016 ന് ശേഷം ആദ്യമായാണ് തിരുവനന്തപുരം ഒരിക്കൽ കൂടി സംസ്ഥാന സ്കൂൾ കലോത്സവത്തിന് വേദിയാകുന്നത്.

ഗവർണർ ആരിഫ് മുഹമ്മദ് ഖാനും, മുഖ്യമന്ത്രി പിണറായി വിജയനുമാണ് കലോത്സവ സംഘാടക സമിതിയുടെ മുഖ്യ രക്ഷാധികാരികൾ. മന്ത്രി G.R അനിൽ സ്വാഗതസംഘം ഓർഗനൈസിങ്ങ് കമ്മിറ്റി ചെയർമാനും, പൊതുവിദ്യാഭ്യാസ ഡയറക്ടർ K.ജീവൻബാബു ജനറൽ കോർഡിനേറ്ററുമാണ്. 25 ഓളം വേദികളിൽ 15,000 ത്തോളം വിദ്യാർത്ഥികൾ കലോത്സവത്തിൽ പങ്കെടുക്കും.

✪✪✪

പ്രധാൻമന്ത്രി മത്സ്യ സമ്പാദ യോജനയിൽ തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്യമപ്പാര് സ്ഥാപിച്ച പ്രദേശങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിയ്ക്ക് ഇന്ന് തുടക്കമാകും. വിഴിഞ്ഞം നോർത്ത് ഹാർബറിൽ രാവിലെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതി ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ ചടങ്ങിൽ അധ്യക്ഷനാകും. ദേശീയ ഫിഷറീസ് വികസന ബോർഡ് വഴിയാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

പാലക്കാട് കൽപ്പാത്തിയിൽ ഇന്ന് ഒന്നാം തേരുത്സവം. രഥപ്രയാണങ്ങൾക്ക് തുടക്കം കുറിച്ച് ഇന്നാണ് രഥാരോഹണം.

പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്തിന്റെ റിപ്പോർട്ട്.

...............(വോയ്സ്)................

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് സെഞ്ചൂറിയൻ സൂപ്പർ സ്പോർട് പാർക്കിൽ. ഇന്ത്യൻ സമയം

രാത്രി എട്ടരയ്ക്ക് മത്സരം തുടങ്ങും. ആദ്യ മത്സരം ജയിച്ച് ഇന്ത്യയും, രണ്ടാം മത്സരം വിജയിച്ച് ദക്ഷിണാഫ്രിക്കയും നാലു മത്സര പരമ്പരയിൽ ഒപ്പത്തിനൊപ്പമാണ്.

✪✪✪

ഏഷ്യൻ ട്രോഫി വനിതാ ഹോക്കി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ, ദക്ഷിണ കൊറിയയെ 3-2 ന് തോൽപ്പിച്ചു. ബിഹാറിലെ രാജ്ഗിറിൽ ഇന്ത്യയ്ക്കു വേണ്ടി ദീപിക കുമാരി രണ്ടും, സംഗീതകുമാരി ഒരു ഗോളും അടിച്ചു. മറ്റൊരു മത്സരത്തിൽ ചൈന മലേഷ്യയെ തോൽപ്പിച്ചു. ജപ്പാൻ-തായ്‌ലന്റ് മത്സരം സമനിലയിൽ പിരിഞ്ഞു.

✪✪✪

കൊട്ടാരക്കര ഗവ. ഹയർ സെക്കണ്ടറി, പുത്തൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാംഗ്വേജ് ലാബുകൾ മന്ത്രി K.N ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. KSFE യുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ടുപയോഗിച്ച് കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ എട്ട് സ്കൂളുകളിലാണ് ലാംഗ്വേജ് ലാബുകൾ നിർമിച്ചത്. ഓരോ ലാബും എട്ട് ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ചാണ് നിർമ്മിച്ചതെന്ന് മന്ത്രി അറിയിച്ചു.

✪✪✪

ചരിത്ര പ്രസിദ്ധമായ കോഴിക്കോട്ടെ രേവതി പട്ടത്താനം ഇന്ന്. ഇതിന്റെ ഭാഗമായി രാവിലെ ഏഴിന് ക്ഷേത്രത്തിൽ ശാസ്ത്ര സദസ്സ് ചേരും. തുടർന്ന് കൂടല്ലൂർ നമ്പൂതിരിപ്പാട് നിശ്ചയിക്കുന്ന വേദ പണ്ഡിതന് സാമൂതിരി രാജാവ് പണക്കിഴി നൽകി ആദരിക്കും. പ്രത്യേകം സജ്ജമാക്കിയ പട്ടത്താന സദസ്സ് തോട്ടത്തിൽ രവിന്ദ്രൻ MLA ഉദ്ഘാടനം ചെയ്യും. വേദി യിൽ മനോരമ തമ്പുരാട്ടി പുരസ്ക്കാരം കവിയും ഗാനരചയിതാവുമായ R.K ദാമോദരന് സമ്മാനിയ്ക്കും. ഋഗ്വേദ സംഹിതയും വാക്യാർത്ഥ സദസ്സും പട്ടത്താനത്തിന്റെ ഭാഗമായി നടക്കും. വൈകിട്ട് സമാപന സമ്മേളനത്തിൽ M.K രാഘവൻ M.P മുഖ്യാതിഥിയാകും.

✪✪✪

ഇന്നലെ മുംബൈയിൽ അന്തരിച്ച മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ M.T പത്മയുടെ മൃതദേഹം ഉച്ചക്ക് കരിപ്പൂർ വിമാനത്താവളത്തിൽ എത്തിക്കും. തുടർന്ന് വെസ്റ്റ്ഹിലിലെ കോൺഗ്രസ് ജില്ലാ കമ്മിറ്റി ഓഫീസിൽ പൊതുദർശനത്തിന് വെയ്ക്കും.

നാളെ രാവിലെ ഗാന്ധി റോഡിന് സമീപത്തെ വീട്ടിലും പൊതുദർശനമുണ്ടായിരിക്കും. 11 മണിയോടെ വെസ്റ്റ് ഹിൽ ശ്മശാനത്തിൽ സംസ്ക്കാരം നടത്തും.

1987ലും 1991ലും കൊയിലാണ്ടിയിൽ നിന്ന് നിയമസഭയിലേക്ക് പത്മയെ തെരഞ്ഞെടുത്തു. K.കരുണാകരന്റെയും A.K ആന്റണിയുടെയും മന്ത്രിസഭയിൽ ഫിഷറീസ് ഗ്രാമവികസന വകുപ്പ് മന്ത്രിയായിരുന്നു. കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിൽ പ്രതിപക്ഷ നേതാവായിരുന്നു.

M.T പത്മയോട് ആദരസൂചകമായി കോഴിക്കോട് ജില്ലയിലെ എല്ലാ പാർട്ടി പരിപാടികളും മാറ്റിവെച്ചതായി DCC പ്രസിഡന്റ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

✪✪✪